## ഗർഭകാല പരിചരണം:

ഗർഭകാല പരിചരണം എല്ലാ സർക്കാർ ആശുപത്രികളിലും sub centre തലം മുതൽ ലഭ്യമാണ്. ഓരോ സബ്സെൻററിലും ആഴ്ചയിൽ ഒരു നിശ്ചിത ദിവസം ഇതിനായി മാറ്റിവച്ചിരിക്കുന്നു. അന്നേ ദിവസം ഗർഭിണികളെ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളും ചികിത്സയും നൽകുന്നു, ആവിവരങ്ങൾ യഥാസമയം മദർ ചൈൽഡ് പ്രോട്ടക്ഷൻ കാർഡിൽ രേഖപ്പെടുത്തി കൊടുക്കുകയും ചെയ്യുന്നു. പിന്നീട് ഗർഭിണിക്ക് മറ്റ് ആശുപത്രിയിൽ സേവനം തേടുമ്പോഴും പ്രസവസമയത്തും ഈ കാർഡ് പ്രയോജനപ്രദമാണ്.

**MCP Card**: ഗർഭകാലത്തും പ്രസവശേഷവും കുഞ്ഞിന്റെ തൂക്കം, കുത്തിവയ്പ്പ് മറ്റ് വിവരങ്ങളെല്ലാം അടങ്ങിയിരിക്കുന്നു. ഈ കാർഡിൽ സ്വകാര്യ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും ഉൾപ്പെടുത്തുന്നതാണ്.

**ഗർഭകാല പരിശോധന ക്ലീനിക്കിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ:**

1. ഗർഭനിർണയത്തിനുള്ള മൂത്രപരിശോധന
2. ഗർഭിണിയാണെങ്കിൽ രജിസ്റ്റർ ചെയ്യുന്നു.
3. Iron / folic acid ഗുളികകൾ നൽകുന്നു.-എല്ലാപേർക്കും 100 ഗുളികയും വിളർച്ചയു-ണ്ടെങ്കിൽ 200 ഗുളികയും നൽകും
4. T.T കുത്തിവയ്പുകൾ നൽകുന്നു.
5. രക്തസമ്മർദ്ദം നിർണ്ണയിക്കുന്നു
6. കുഞ്ഞിന്റെ വളർച്ച പരിശോധന
7. ഗർഭകാല പ്രമേഹ രോഗ നിർണ്ണയം
8. Scanning ആവശ്യമെങ്കിൽ ഈ സംവിധാനമുള്ള സർക്കാർ ആശുപത്രി സൗകര്യം ഉപയോഗിച്ച് നടത്തുന്നു. അല്ലെങ്കിൽ refer ചെയ്യുന്നു.

9. ഗർഭിണികൾക്ക് പോക്ഷകാഹാരത്തിൻെറ പ്രാധാന്യത്തെ കുറിച്ചും ഗർഭകാല വ്യായാമരീതികളെ കുറിച്ചും, സാധാരണ പ്രസവത്തിൻെറ ആവശ്യകത, സ്തനസംരക്ഷണം, മുലയൂട്ടൽ, കുടുബാസൂത്രണമാർഗങ്ങൾ എന്നിവയെ കുറിച്ചും JSSK - (ജനനി ശിശു സുരക്ഷാ കാര്യക്രം) ജനനി സുരക്ഷ യോജന (JSY) എന്നിവയെ കുറിച്ചും ബോധവത്കരണം നൽകുന്നു.